# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 88 — 30.11.2015 ലെ മറുപടിക്ക്

ചോദ്യം — മറുപടി

ശ്രീ. സി. കൃഷ്ണൻ — **ശ്രീ. ഉമ്മൻ ചാണ്ടി**
ബഹു. മുഖ്യമന്ത്രി

## നടപ്പ് വർഷത്തെ മൂലധനച്ചെലവ്

| | | |
|---|---|---|
| (എ) | മൂലധനച്ചെലവ് നടപ്പ് വർഷം ഒക്ടോബർ 31 വരെ എത്രയായിരുന്നു ; കഴിഞ്ഞ സാമ്പത്തിക വർഷം എത്ര തുകയായിരുന്നു. വ്യക്തമാക്കാമോ ; | അക്കൗണ്ടന്റ് ജനറലിന്റെ 2015-16 സെപ്തംബർ വരെയുള്ള പ്രാരംഭ തനി കണക്കുകൾ പ്രകാരം മൂലധന ചെലവ് 2487.61 കോടി രൂപയാണ്. 2014-15 സാമ്പത്തിക വർഷം ഈ തുക 4254.59 കോടി രൂപയായിരുന്നു. |
| (ബി) | ഒക്ടോബർ 31 വരെയുള്ള സാമൂഹ്യ പെൻഷൻ ഗഡുക്കൾ കൊടുത്ത് തീർത്തിട്ടുണ്ടോ; ആയതിനായി എന്ത് തുക ചെലവഴിച്ചു വ്യക്തമാക്കാമോ ; | ലാന്റ് റവന്യൂ കമ്മീഷണറും, ലേബർ കമ്മീഷണറും ലഭ്യമാക്കിയ കണക്കുകൾ പ്രകാരം സെപ്തംബർ വരെയുള്ള സാമൂഹ്യ ക്ഷേമ പെൻഷനുകൾ വിതരണം ചെയ്യുന്നതിനായി ആകെ 1787.49 കോടി രൂപ ഇതിനകം തന്നെ അനുവദിച്ചു കഴിഞ്ഞിട്ടുണ്ട്. |
| (സി) | വിലക്കയറ്റം പിടിച്ചു നിർത്തുന്നതിനായി വിപണിയിൽ ഇടപെടുന്നതിന് 2015 ഒക്ടോബർ 31 വരെ എന്തു തുക ചെലവഴിച്ചു ; | വിലക്കയറ്റം പിടിച്ചു നിർത്തുന്നതിനായി വിപണിയിൽ ഇടപെടുന്നതിന് 2015 സെപ്തംബർ വരെ ആകെ 106 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (ഡി) | 2015 ഒക്ടോബർ 31 വരെ നികുതിയിനത്തിൽ ഏറ്റവും കൂടുതൽ തുക സമാഹരിക്കുവാൻ കഴിഞ്ഞ വകുപ്പ് ഏത്; എത്ര തുക സമാഹരിച്ചു; വ്യക്തമാക്കാമോ? | അക്കൗണ്ടന്റ് ജനറലിന്റെ 2015 സെപ്തംബർ വരെയുള്ള പ്രാരംഭ കണക്കുകൾ പ്രകാരം ഏറ്റവും കൂടുതൽ തുക നികുതിയിനത്തിൽ സമാഹരിച്ചിട്ടുള്ളത് വിൽപന നികുതി ഇനത്തിലാണ്. ഇത് 14421.19 കോടി രൂപയാണ്. |

സെക്ഷൻ ഓഫീസർ